പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**12.12.2018 -ലെ മറുപടിയ്ക്ക്**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ.**3807**

## ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട്

ചോദ്യം

ശ്രീ. പി.ടി തോമസ്

ശ്രീ.വി.ടി.ബൽറാം

(എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെയും പെരുമ്പാവൂർ കന്നത്താൻ ഇൻഡസ്ട്രീസ് കമ്പനിയുടെയും കൈവശമുള്ള ഭൂമിയിലെ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട് 22.10.2018 ൽ മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റി, റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ വനംവകുപ്പ് ഈടാക്കുന്ന സീനിയറേജ് 2500 രൂപയിൽ നിന്നും 1000 രൂപയായി കുറയ്ക്കുന്നതിന് ശിപാർശ ചെയ്തിരുന്നെങ്കിലും സീനിയറേജ് പൂർണ്ണമായും ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഇതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് ബന്ധപ്പെട്ട മന്ത്രിമാരുടെയും, മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെയും, തോട്ടം ഉടമകളുടെ പ്രതിനിധികളുടെയും ഒരു യോഗം 23.10.2018-ന് കൂടിയിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിൽ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങളിൽ, 5-ാമത്തെ നിർദ്ദേശം "തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനു വേണ്ടി മുറിച്ചുമാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം" എന്നതായിരുന്നു. എന്നാൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റിയുടെ ശുപാർശ, സീനിയറേജ് നിരക്ക് 2500/- രൂപയിൽ നിന്നും 1000/- രൂപയായി കുറയ്ക്കണം എന്നതായിരുന്നു. തുടർന്ന് 26.02.2018-ൽ നടന്ന മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥൻമാരുടെയും ട്രേഡ് യൂണിയൻ നേതാക്കളുടെയും മീറ്റിംഗിൽ ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു. റബ്ബർ മരങ്ങൾ മുറിച്ച് മാറ്റാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ റീപ്ലാന്റിംഗിന് അവസരം സൃഷ്ടിക്കുന്നതിനായി സീനിയറേജ് ഒഴിവാക്കുന്നത് പരിഗണിക്കുന്നതാണ് എന്ന തീരുമാനം കൈക്കൊള്ളുകയാണുണ്ടായത്. തുടർന്ന് സീനിയറേജ് ഒഴിവാക്കി 27.06.2018-ൽ സ.ഉ.(കൈ) നം. 24/2018/വനം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യം പരിഗണിച്ചും കൃഷ്ണൻ നായർ കമ്മീഷൻ ശുപാർശ കണക്കിലെടുത്തുമാണ് സീനിയറേജ് ഒഴിവാക്കിയിട്ടുള്ളത്. സീനിയറേജ് ഒഴിവാക്കിയത് മൂലം സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല.

Sreedas

**സെക്ഷൻ ഓഫീസർ**